# മഹാത്മാഗാന്ധി സർവ്വകലാശാല

നമ്പർ :എ.ഡി.ബി.3/1/419/2017

തീയതി 19.01.2017

## പരിപത്രം

വിഷയം:ക്യാമ്പസിൽ വച്ചു നടത്തുന്ന സൽക്കാരങ്ങൾ/പൊതുപരിപാടികൾ- മാലിന്യം നിർമാർജ്ജനം ചെയ്യുന്നത് സംബന്ധിച്ച്:

സൂചന: 26.12.2016 ലെ രജിസ്ട്രാറുടെ കുറിപ്പ് നം Regr/03/588/2016

സർവ്വകലാശാല ക്യാമ്പസിനുള്ളിലെ അസംബ്ലി ഹാളിലും മറ്റു കെട്ടിടങ്ങളിലും ഉദ്യോഗസ്ഥർ / വിദ്യാർത്ഥികൾ എന്നിവർ പല കാര്യങ്ങൾക്കായി സൽക്കാരങ്ങളും പൊതുപരിപാടികളും മറ്റും നടത്താറുണ്ട്. അപ്രകാരം നടത്തപ്പെടുന്ന പരിപാടികൾക്കു ശേഷം പലപ്പോഴും ഭക്ഷണാവശിഷ്ടങ്ങളും മറ്റവശിഷ്ടങ്ങളും പരിപാടി നടക്കുന്ന കെട്ടിടങ്ങളുടെ സമീപത്ത് ഉപേക്ഷിക്കുന്നതായി കാണുന്നു. പലപ്പോഴും മാലിന്യങ്ങൾ മാറ്റി വൃത്തിയാക്കേണ്ട ബാദ്ധ്യത സർവ്വകലാശാലയ്ക്കു ഉണ്ടാകുന്നു.

അതിനാൽ, സർവ്വകലാശാലയുടെ ക്യാമ്പസിനുള്ളിൽ വച്ച് വ്യക്തികൾ/സെക്ഷനുകൾ/വിദ്യാർത്ഥികൾ തുടങ്ങി എല്ലാവരും നടത്തുന്ന വിവിധ പരിപാടികൾക്കു ശേഷം ഉണ്ടാകുന്ന ഭക്ഷണാവശിഷ്ടങ്ങളും മറ്റ് അവശിഷ്ടങ്ങളും ക്യാമ്പസിനുള്ളിൽ നിക്ഷേപിക്കുവാൻ പാടില്ലാത്തതാണ്. ഉചിതമായ രീതിയിൽ അവശിഷ്ടങ്ങൾ നിർമാർജ്ജനം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം പരിപാടികൾ നടത്തുന്നവരിൽ നിക്ഷിപ്തമായിരിക്കും. ഇതിനു വിരുദ്ധമായ പ്രവർത്തികൾ ശ്രദ്ധയിൽപെടുന്ന പക്ഷം പരിപാടി നടത്തിപ്പുകാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ഒപ്പ്
എസ്റ്റേറ്റ് ഓഫീസർ
രജിസ്ട്രാർക്കു വേണ്ടി

**പകർപ്പ്:**

(1)എല്ലാ സെക്ഷനുകൾക്കും,ഡിപ്പാർട്ട്മെൻറുകൾക്കും സ്കൂളുകൾക്കും സെൻററുകൾക്കും
(2)വൈസ് ചാൻസിലർ/ പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പി.എസ്മാർ
(3)രജിസ്ട്രാർ/എഫ്.ഒ./സി.ഇ. എന്നിവരുടെ പി.എമാർ
(4)എ.ആർ/ഡി.ആർ/ജെ.ആർമാർ
(5)പി.ആർ.ഒ.
(6)എല്ലാ സംഘടന ഓഫീസുകൾ
(7)സർവ്വകലാശാല എഞ്ചിനീയർ ഇൻ ചാർജ്
(8)അസ്സിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ
(9)കണ്ടെൻറ് മാനേജ്മെൻറ് സെൽ
(10)സെക്രട്ടറി , ക്യാമ്പസ് റസിഡെൻറ്സ് അസ്സോസിയേഷൻ
(11)ഹോസ്റ്റൽ വാർഡൻ/മേട്രൺ
(12)നോട്ടീസ് ബോർഡ്
(13)സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

Saju

സെക്ഷൻ ഓഫീസർ